(സി) ആനയറ വിപണിയിൽ 'ഹോർട്ടികൾച്ചർ കോർപ്പറേഷൻ' കരാറാക്കിയ കടമുറികൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത വിപണി ഇതെ വരെ എത്ര തുക ലാഭമുണ്ടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഇ) ഈ സംവിധാനം കൂടുതൽ ലാഭകരമാക്കാൻ കാര്യക്ഷമമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നു.

(ബി) 4-11-2003 മുതൽ.

(സി) ഹോർട്ടികൾച്ചർ കോർപ്പറേഷൻ കരാറാക്കിയ 10 കടമുറികളിൽ കോർപ്പറേഷന്റെ പാൽക്കുളങ്ങരയിലെ റീജിയണൽ സെന്റർ മാറ്റാൻ ശ്രമം നടത്തിയെങ്കിലും കോർപ്പറേഷന്റെ സ്ഥിരം കയറ്റിറക്കുതൊഴിലാളികൾക്ക് പകരമായി തദ്ദേശീയരായ തൊഴിലാളികളെ നിയമിക്കണമെന്ന ആവശ്യത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങളാൽ പ്രസ്തുത കടമുറികൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ലാഭനഷ്ട കണക്ക് നോക്കിയല്ല വിപണി പ്രവർത്തിപ്പിക്കുന്നത്. കർഷകരുടെ ഉൽപ്പന്നങ്ങൾ നല്ല രീതിയിൽ വിപണനം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് വിപണിയുടെ ലക്ഷ്യം.

(ഇ) ലാഭകരമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ജൈവ കൃഷിയെക്കുറിച്ചുള്ള അവബോധം

48 [986] ശ്രീ. കെ. സുധാകരൻ :
,, എ. കെ. മണി :
,, എം. എം. ഹസ്സൻ :
,, ജോർജ് ജെ. മാത്യു :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയുടെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ജൈവ വള നിർമ്മാണത്തിന് ഈ വർഷം എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് ;

(സി) ഇത് കൃഷി വകുപ്പിനുള്ള ബഡ്ജറ്റിന്റെ എത്ര ശതമാനം വരും ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജൈവ വള നിർമ്മാണം ഒരു പ്രത്യേക പദ്ധതിയായി നടപ്പാക്കി ജൈവ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ നടപടിയെടുക്കുമോ ;

(ഇ) സംസ്ഥാനത്തുള്ള ഓരോ കൃഷിഭവനും ജൈവവളം നിർമ്മിക്കുവാനുള്ള കോട്ട നിശ്ചയിക്കുകയും സമയബന്ധിതമായി സംസ്ഥാനം മുഴുവൻ ജൈവകൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതിനായി കൃഷി വകുപ്പിന്റെ പ്രവർത്തനം ക്രമപ്പെടുത്തുമോ ?

ഉത്തരം

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 15.20 ലക്ഷം രൂപ ചെലവാക്കി കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 17 ലക്ഷം രൂപ ചെലവാക്കി 12 ജില്ലകളിൽ ജില്ലാതല സെമിനാറുകളും 2 ജില്ലകളിൽ മേഖലാ സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി & സി) ജൈവ വള നിർമ്മാണത്തിന് മാത്രമായി തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ഡി) ജൈവ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രായോഗികമാണെന്നു കണ്ടാൽ പരിഗണിക്കുന്നതാണ്.

കൃഷിക്കാർക്ക് സബ്സിഡി

49 [987] ശ്രീ. സി. കെ. നാണു :
" കെ. പി. മോഹനൻ :
" എ. സി. ഷണ്മുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിന്റെ എത്ര ശതമാനമാണ് കൃഷിക്കാർക്ക് സബ്സിഡി ആയി അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ ധനകാര്യവർഷങ്ങളിൽ കൃഷിക്കാർക്ക് സബ്സിഡിയായി നൽകിയതിന്റെ കണക്ക് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

കുറവിലങ്ങാട് കാർഷിക ഗവേഷണ കേന്ദ്രം

50 [988] ശ്രീ. സ്റ്റീഫൻ ജോർജ് :
" തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ആസ്ഥാനമായി കാർഷിക ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly